**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3143** **14-02-2024 - ൽ മറുപടിയ്ക്ക്**

**പുനലൂർ മണ്ഡലത്തിലെ ജല ജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, പുനലൂർ മണ്ഡലത്തിലെ ചോഴിയക്കോട് പത്തേക്കറിൽ പുനരധിവസിപ്പിച്ച പട്ടികജാതി കുടുംബങ്ങൾക്ക് ജല ജീവൻ മിഷൻ പദ്ധതിയിലൂടെ പൈപ്പ് കണക്ഷൻ നൽകിയിരുന്നെങ്കിലും മാസങ്ങളായി ഈ പ്രദേശത്ത് കുടിവെള്ളം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഉണ്ട്. അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ ചോഴിയക്കോട് പത്തേക്കർ പട്ടികജാതി കോളനിയിൽ 20 കുടുംബങ്ങൾക്ക് ജല ജീവൻ മിഷൻ മുഖേന കണക്ഷൻ നൽകിയിരുന്നു. ഇതിൽ 7 കുടുംബങ്ങൾക്ക് ജലം ലഭിക്കുന്നുണ്ട്. ശേഷിക്കുന്ന 13 കുടുംബങ്ങൾ വസിക്കുന്നത് താരതമ്യേന ഉയർന്ന പ്രദേശത്തിലായതിനാൽ, നിലവിലുള്ള പദ്ധതിയിൽ നിന്നും ജലവിതരണം സാധ്യമാവുന്നില്ല. ആയതിനാൽ, ഇൻ-ലൈൻ ബൂസ്റ്റർ സംവിധാനം ഏർപ്പെടുത്തിയാൽ മാത്രമേ ടി പ്രദേശത്തേക്ക് ജല ലഭ്യത ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ. ടി പ്രവൃത്തി ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.** |
| (ബി) | ഉയർന്ന വനമേഖലാ പ്രദേശമായ ഇവിടെ താമസിക്കുന്നവർക്ക് കുടിവെള്ളത്തിനായി കുന്നിറങ്ങി കിലോമീറ്ററോളം സഞ്ചരിയ്ക്കേണ്ടി വരുന്ന സാഹചര്യത്തിൽ ഇവർക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; എത്രനാൾക്കകം കുടിവെള്ളം പുനസ്ഥാപിയ്ക്കാനാകുമെന്ന് വിശദമാക്കാമോ; | (ബി) | **പ്രസ്തുത പ്രദേശം താരതമ്യേന ഉയർന്ന പ്രദേശമായതിനാൽ, നിലവിൽ നടപ്പാക്കിയ പദ്ധതിയിൽ നിന്നും ജലവിതരണം സാധ്യമാവുന്നില്ല. ആയതിനാൽ, ജല ജീവൻ മിഷൻ പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തി, ഇൻ-ലൈൻ ബൂസ്റ്റർ സംവിധാനം ഏർപ്പെടുത്തി ടി പ്രദേശത്തേക്ക് ജല ലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പ്രവൃത്തി 3 മാസത്തിനുള്ളിൽ നടപ്പാക്കി പ്രസ്തുത പ്രദേശത്തെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം ഉണ്ടാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.** |
| (സി) | മാസങ്ങളായി കുടിവെള്ളം ലഭിക്കാത്ത ഇവർക്ക് പണമടയ്ക്കുന്നതിനായി ബില്ല് നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിയ്ക്കുമോ; വിശദമാക്കുമോ? | (സി) | **ബിൽ നൽകിയിരുന്നു. ആയത് പരിശോധിച്ച് പ്രസ്തുത പ്രദേശത്ത് കുടിവെള്ളം ലഭ്യമല്ലാത്ത കുടുംബങ്ങൾക്ക് ബില്ലുകൾ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ